File No.HEDN-A1/100/2020-HEDN 4268/20/HRD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോവിഡ് -19 വ്യാപനം തടയുന്നതിനുള്ള പ്രവർത്തനങ്ങൾ - നിയന്ത്രണങ്ങൾക്കുള്ള ഇളവുകൾ അനുവദിച്ചതിന്റെ ഭാഗമായി ലൈബ്രറികൾ തുറന്നു പ്രവർത്തിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

ഉന്നതവിദ്യാഭ്യാസ (എ) വകുപ്പ്

G.O.(Rt)No.802/2020/HEDN തീയതി,തിരുവനന്തപുരം, 17/06/2020

പരാമർശം:- 07.06.2020 ലെ സ.ഉ (കൈ) നം.112/2020/പൊ.ഭ.വ

<u>ഉത്തരവ്</u>

കോവിഡ് - 19 വ്യാപനം തടയുന്നതുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങൾക്കുള്ള ഇളവുകൾ അനുവദിച്ചതിന്റെ ഭാഗമായി ലൈബ്രറികൾ തുറന്നു പ്രവർത്തിക്കുന്നതിന് ചുവടെ ചേർത്തിരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1. സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിലും, എല്ലാ യൂണിവേഴ്സിറ്റി ലൈബ്രറികളിലും, കോളേജ് ലൈബ്രറികളിലും, കേരള സംസ്ഥാന ലൈബ്രറി കൗൺസിലിനു കീഴിലുള്ള ലൈബ്രറികളിലും മെമ്പർഷിപ്പ് നൽകുന്നതിനും, ബുക്ക് വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. റീഡിംഗ് റൂം അനുവദിക്കുന്നത്, ഗവണ്മെന്റിൽ നിന്നും ഇനിയൊരു അറിയിപ്പുണ്ടാകുന്നതുവരെ നിർത്തി വയ്ക്കേണ്ടതാണ്.

3. ഓരോ ലൈബ്രറിയുടേയും മേലധികാരി പൊതുജനത്തിനായി ലൈബ്രറികൾ തുറന്നുകൊടുക്കുന്നതിന് മുമ്പ് എല്ലാ ദിവസവും രാവിലെ ലൈബ്രറി അണുവിമുക്തമാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

4. ഓരോ ലൈബ്രറിയുടേയും മേലധികാരി ലൈബ്രറിയിൽ ആൾക്കൂട്ടം ഉണ്ടാകുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

5. ലൈബ്രറി പ്രവേശനകവാടത്തിൽ കൈ കഴുകുന്നതിനോ കൈ അണുവിമുക്തമാക്കുന്നതിനോ ഉള്ള സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.

6.കോവിഡ് -19 വ്യാപനം തടയുന്നതിന്റെ ഭാഗമായി സർക്കാർ നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള മറ്റെല്ലാവിധ നിർദ്ദേശങ്ങളും നിയന്ത്രണങ്ങളും പാലിച്ചുകൊണ്ടായിരിക്കണം ലൈബ്രറികൾ

File No.HEDN-A1/100/2020-HEDN

ഉത്തരവ് പ്രസിദ്ധപ്പെടുത്തേണ്ടത്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
THARUN LAL.S
JOINT SECRETARY

ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് ലൈബ്രേറിയൻ, സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, തിരുവനന്തപുരം

ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം

എല്ലാ യൂണിവേഴ്സിറ്റി രജിസ്ട്രാർമാർക്കും

സെക്രട്ടറി, കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ, തിരുവനന്തപുരം
www.highereducation.kerala.gov.in
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

**ഇണ്ടാസ് നമ്പർ. ഇഎ1/1162/2017/എച്ച്.ആർ.ഡി (2)** തീയതി, 30.06.2020

1. പകർപ്പ് തുടർ നടപടികൾക്കായി എല്ലാ സ്ഥാപനമേധാവികൾക്കും
2. കരുതൽ ഫയൽ
3. ഓഫീസ് പകർപ്പ്

രജനികാന്ത് ആർ ബാലിഗ
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
(ഡയറക്ടർക്കുവേണ്ടി)